"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലെ മുൻ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ.എസ്.എസ്.ഗോപാലകൃഷ്ണനെതിരായ അച്ചടക്കനടപടി - തീർപ്പാക്കി- ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2490/2025/LSGD തീയതി,തിരുവനന്തപുരം, 13-10-2025

---

പരാമർശം:- 1. സ.ഉ(സാധാ)നം.3006/2003/തസ്വഭവ തീയതി 16.08.2003 14.10.2024

2. ലെ ഇയു1/124/2023/തസ്വഭവ നം. കാരണം കാണിക്കൽ നോട്ടീസ്.

**<u>ഉത്തരവ്</u>**

ശ്രീ.എസ്.എസ് ഗോപാലകൃഷ്ണൻ,തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരവെ 1000 രൂപ കൈക്കൂലി വാങ്ങിയ കുറ്റത്തിന് വിജിലൻസ് അറസ്റ്റ് ചെയ്യുകയും പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തിരുന്നു. 30.06.2004 ൽ റിട്ടയർ ചെയ്ത ശ്രീ.എസ്.എസ് ഗോപാലകൃഷ്ണന് എതിരെയുള്ള Honorable Enquiry Commissioner & Special Judge തൃശ്ശൂർ-ന്റെ C.C.4/2005(VC18/2003 of V.A.C.B. Thrissur) ലെ വിധിന്യായം മുഖേന ടിയാന് 4 വർഷം കഠിനതടവും 20,000 രൂപ പിഴയും ശിക്ഷ വിധിച്ചിരുന്നു. മേൽ കൃത്യ വിലോപത്തിന്, ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ സേവന കാലയളവ് തൃപ്തികരമല്ലെന്ന നിഗമനത്തിൽ കെ.എസ്.ആർ ഭാഗം III ചട്ടം 59(സി) പ്രകാരം അച്ചടക്കനടപടി സ്വീകരിച്ച് ടിയാന്റെ പെൻഷനിൽ നിന്നും ₹500/- വീതം രണ്ട് തവണ കുറവ് ചെയ്യാമെന്ന താല്ക്കാലിക തീരുമാനം കൈക്കൊള്ളുകയും ടി താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ കാരണമുണ്ടെങ്കിൽ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം മറുപടി ലഭ്യമാക്കേണ്ടതാണെന്ന് നിർദേശിച്ച് പരാമർശം (2) പ്രകാരം ടിയാൾക്ക് രജിസ്റ്റേർഡ് പോസ്റ്റ് മുഖേന കാരണം കാണിക്കൽ നോട്ടീസ് നൽിയിരുന്നു. ആയത് ടിയാൾ കൈപ്പറ്റിയിട്ടുള്ളതുമാണ്. കാരണം കാണിക്കൽ നോട്ടീസിനു ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

2. മേൽ സാഹചര്യത്തിൽ 30.06.2004 ൽ റിട്ടയർ ചെയ്ത തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലെ മുൻ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ.എസ്.എസ് ഗോപാലകൃഷ്ണനെതിരായ അച്ചടക്കനടപടി കാരണം കാണിക്കൽ നോട്ടിസിനു ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടിയാൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ ടിയാന്റെ പെൻഷനിൽ നിന്നും ₹500/- വീതം രണ്ട് തവണ കുറവ് ചെയ്യാമെന്ന താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി കെ.എസ്.ആർ ഭാഗം III ചട്ടം 59(സി) പ്രകാരം ആരംഭിച്ച അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.എസ്.എസ് ഗോപാലകൃഷ്ണൻ, റിട്ട.അസിസ്റ്റന്റ് സെക്രട്ടറി, വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 15-10-2025 10:44:26
സെക്ഷൻ ഓഫീസർ